MD NICHE
MEDIA CONSULTANTS

**NEWAGE**

**Kerala Tourism wins advertisement award in Prague**

Date: **30-04-2012** | Edition: **All Kerala** | Page No: **2** | Clip size (cm) - W: **8** H: **18**

# കേരള ടൂറിസത്തിന് പ്രശസ്തമായ പ്രേഗ് അവാർഡ്

തിരുവനന്തപുരം: ആഗോള ബ്രാൻഡുകൾ മാറ്റുരയ്ക്കുന്ന വിഖ്യാത പ്രേഗ് ഇന്റർനാഷനൽ അഡ്വർട്ടൈസിംഗ് ഫെസ്റ്റിവലിന്റെ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരളാ ടൂറിസത്തിന് വെങ്കല മെഡൽ. യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ് എന്ന കേരളാ ടൂറിസം പ്രചരണ പരിപാടിയുടെ അച്ചടി കോപ്പിക്കാണ് പിയാഫ് 2012 ൽ അപൂർവമായ ഈ അംഗീകാരം ലഭിച്ചത്. മറ്റു വിഭാഗങ്ങളിലെ അവാർഡുകൾ ബഹുരാഷ്ട്ര കമ്പനികളായ ഫോക്സ്‌വാഗൺ, യൂണിലിവർ, ക്രാഫ്റ്റ് ഫുഡ്സ് എന്നിവയ്ക്കാണ്.

യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ്-ന് ഫിലിം വിഭാഗത്തിൽ പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്ന് സ്വർണമെഡൽ അടക്കം ഒരു ഡസനിലേറെ പുരസ്കാരങ്ങൾ ലഭിച്ചതിനുപിന്നാലെയാണ് ഈ അംഗീകാരം. ലണ്ടനിലെ പ്രശസ്തമായ സാച്ചി ഗാലറിയിൽ നടന്ന ആകർഷകമായ ചടങ്ങിലാണ് യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ്-ന് തുടക്കമിട്ടത്. ചെൽസ ഫുട്ബോൾ ക്ലബ്ബിന്റെ പടക്കുതിരയായ ദിദിയെ ദ്രോഗ്ബ, മുൻ ഇംഗ്ലണ്ട് ഫുട്ബോളർ ഗാരി ലിനേക്കർ, മലയാള സിനിമയിലെ മെഗാസ്റ്റാർ മോഹൻലാൽ എന്നിവരടക്കം നിരവധി വിശിഷ്ട വ്യക്തികൾ ഈ ചടങ്ങിൽ പങ്കെടുത്തിരുന്നു.

പിയാഫിൽ മെഡൽ ലഭിച്ചത് അഭൂതപൂർവമായ ബഹുമതിയാണെന്നും ബ്രാൻഡ് മാനേജ്മെന്റിലും കൃത്യമായ വിപണന തന്ത്രത്തിലും കേരള ടൂറിസം നടത്തുന്ന അത്യദ്ധ്വാനത്തിനു ലഭിച്ച അംഗീകാരമാണെന്നും ടൂറിസം മന്ത്രി ശ്രീ എ.പി.അനിൽകുമാർ പറഞ്ഞു. കേരളമെന്ന ബ്രാൻഡ് ലോക ടൂറിസം സർക്കീട്ടിൽ പ്രചരിപ്പിക്കാൻ ആഗോളാടിസ്ഥാനത്തിൽ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള മറ്റൊരു വലിയ അംഗീകാരമാണ് പ്രേഗിൽ ലഭിച്ചതെന്ന് കേരളാ ടൂറിസം ഡയറക്ടർ ശ്രീമതി റാണി ജോർജ് വ്യക്തമാക്കി. ശരിയായ പാതയിലാണ് തങ്ങളുടെ യാത്രയെന്ന് ഇതു തെളിയിച്ചിരിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി.

ആഗോള അഡ്വർടൈസിംഗ് കലണ്ടറിലെ തനതായ പരിപാടിയാണ് പിയാഫ്. ജേതാക്കളെ നിർണയിക്കുന്നത് ഈ മേഖലയിലെ പ്രൊഫഷനലുകളും പരസ്യദാതാക്കളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വിപണനമേഖലയിലെ വിദഗ്ധരും യുവ സർഗപ്രതിഭകളും ചേർന്നാണ്. കേരളാ ടൂറിസത്തിനൊപ്പം വേദി പങ്കിടാൻ സോണി പിക്ചേഴ്സും ഹൈനക്കനും ലെഗോയും ജർമനിയിൽനിന്ന് മക്ഡൊണാൾഡും ക്ഷണിക്കപ്പെട്ടിരുന്നു.

സ്റ്റാർക്ക് കമ്യൂണിക്കേഷൻസിന്റെ സാക്ഷാത്കാരത്തിൽ വിശ്രുത ഫോട്ടോഗ്രാഫർ പ്രബുദ്ധ ദാസ് ഗുപ്തയാണ് യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗിന്റെ അച്ചടി വിഭാഗത്തിലെ പ്രചരണപരിപാടികൾ ക്യാമറയിലാക്കിയത്. ഫോട്ടോഗ്രഫിക്കും കലാസംവിധാനത്തിനും കൊച്ചി അഡ്വവർട്ടൈസിംഗ് ക്ലബ്ബിന്റെ 2012 ലെ രണ്ട് പെപ്പർ അവാർഡുകൾ അച്ചടിപരസ്യങ്ങൾക്കു ലഭിച്ചിട്ടുണ്ട്.

കേരളത്തിലൂടെ സഞ്ചരിക്കുമ്പോൾ വാക്കുകളാൽ വിവരിക്കാനാവാത്ത എന്തോ ഒരു അനുഭൂതി തങ്ങളിലുണ്ടാകുന്നുവെന്നാണ് സഞ്ചാരികൾ വ്യക്തമാക്കിയിട്ടുള്ളത്. ഈ ദർശനവും തിരിച്ചറിവും അവർക്കു നൽകുന്നത് ഒരു പക്ഷേ അകൃത്രിമമായ പ്രകൃതിയും ജനങ്ങളുടെ ഊഷ്മളതയും സാംസ്കാരികമായ സജീവമായ ഒരു നാടിന്റെ കലാപാരമ്പര്യവുമാണെന്ന് സ്റ്റാർക്ക് വക്താവ് പറഞ്ഞു. വിനോദസഞ്ചാരികൾക്കു ലഭിക്കുന്ന ഈ അനുഭൂതിയുടെ ഫിലിമിലും അച്ചടിയിലുമുള്ള സാക്ഷാത്കാരമാണ് യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ്.